# QP CODE
# A3042

**Enrollment Number: ………………**

**Name: ……………………………….**

## M.A. DEGREE EXAMINATIONS, DECEMBER 2024
## Second Semester
## M.A. Malayalam Language and Literature
## M21ML07DC – ഭാഷാശാസ്ത്രപഠനം
## (2023 July admissions)

**Time: 3 Hours** **Max Marks: 70**

### സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. പാണിനിയുടെയും അരിസ്റ്റോട്ടിലിന്റെയും ഭാഷാനിർവചനങ്ങൾ താരതമ്യം ചെയ്യുക.
2. ഏകകാലിക ഭാഷാസമീപനത്തിന്റെ രണ്ട് സവിശേഷതകൾ എഴുതുക.
3. ഗ്രിമിന്റെ സിദ്ധാന്തം വിശദമാക്കുക.
4. മലയാള സ്വനിമ വ്യവസ്ഥയ്ക്ക് സംസ്കൃത ഭാഷാസമ്പർക്കത്തിന്റെ ഫലമായുണ്ടായ മാറ്റങ്ങൾ എഴുതുക.
5. ഗ്ലോട്ടോ കോണോളജി എന്താണെന്ന് വ്യക്തമാക്കുക.
6. പ്രാഗ്ഭാഷ, സജാതീയ ഭാഷകൾ എന്നിവ നിർവ്വചിക്കുക.
7. ശൈലീവിജ്ഞാനീയത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.
8. ഭാഷാഭേദ വിജ്ഞാനീയത്തിന്റെ പ്രസക്തി വിവരിക്കുക.

**(2X5=10)**

### സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. നവവൈയാകരണന്മാരുടെ വാദമുഖങ്ങൾ ചുരുക്കി എഴുതുക.
10. ഭാഷാ പരിണാമഹേതുക്കൾ വിശദമാക്കുക.
11. ഇൻഡോ - യൂറോപ്യൻ ഭാഷാഗോത്രത്തെ പരിചയപ്പെടുത്തുക.
12. വാക്യ വിജ്ഞാനീയത്തിലെ പ്രധാനഘടകങ്ങൾ എന്തെല്ലാം?
13. ഘടനാത്മക ഭാഷാശാസ്ത്രത്തിന്റെ അപഗ്രഥനരീതികൾ വിലയിരുത്തുക.
14. അർത്ഥത്രികോണം എന്തെന്ന് വിശദമാക്കുക.

15. കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രത്തിന്റെ പഠനമേഖല വിവരിക്കുക.
16. ആധുനിക ഭാഷാശാസ്ത്രത്തിന് ദറിദ നൽകിയ സംഭാവനകൾ വിവരിക്കുക.
17. ദ്രാവിഡ ഭാഷാശാസ്ത്രത്തിന് കാൾഡ്വെലിനു ശേഷം ഉണ്ടായ പുരോഗതി വിലയിരുത്തുക.
18. യാക്കോബ്സൺ എടുത്തു കാട്ടുന്ന ഭാഷയുടെ ആറുതരം പ്രവർത്തനങ്ങൾ ഉദാഹരണസഹിതം എഴുതുക.

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. മനുഷ്യഭാഷയുടെ ഡിസൈൻ സവിശേഷതകൾ എന്ന ഹോക്കറ്റിയൻ ചിന്താപദ്ധതി സംഗ്രഹിച്ചവതരിപ്പിക്കുക.
20. ഭാഷാശാസ്ത്രത്തിലെ വ്യഞ്ജന വർഗീകരണത്തിന്റെ രീതികൾ വിവരിച്ച് മലയാള വ്യഞ്ജനങ്ങളെ വർഗീകരിക്കുക.
21. രചനാന്തരണ പ്രജനകവ്യാകരണത്തിന്റെ അടിസ്ഥാന സങ്കല്പങ്ങൾ ഉദാഹരണസഹിതം വിവരിക്കുക.
22. സസ്യൂറിന്റെ ഭാഷാശാസ്ത്ര സമീപനരീതികൾ സംഗ്രഹിക്കുക.

**(15X2=30)**